# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. T 4823 — 24.07.2015-ൽ മറുപടിക്ക്

## നാഷണൽ അർബൻ ഹെൽത്ത് മിഷൻ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. വി. ശ്രേയാംസ് കുമാർ : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) നാഷണൽ അർബൻ ഹെൽത്ത് മിഷൻ പദ്ധതിയിലേക്ക് നഗരസഭകളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കുമോ? | (എ) 2013 -ൽ ദേശീയ ഗവൺമെന്റ് ആരംഭിച്ച നാഷണൽ അർബൻ ഹെൽത്ത് മിഷൻ, പേരു സൂചിപ്പിക്കും പോലെ നഗരപരിധിയിൽ താമസിക്കുന്ന ജനങ്ങളുടെ ആരോഗ്യ പരിരക്ഷയെ ഉദ്ദേശിച്ചിട്ടുള്ളതാണ്. ഈ മിഷനിലേക്ക് നഗരങ്ങളെ തെരഞ്ഞെടുക്കുന്നതിന് താഴെ പറയുന്ന മാനദണ്ഡങ്ങളാണ് പരിഗണിക്കുന്നത്.<br>**അടിസ്ഥാന മാനദണ്ഡം**<br>കുറഞ്ഞത് 50,000 (അമ്പതിനായിരം) എങ്കിലും ജനസംഖ്യ ഉണ്ടായിരിക്കണം.<br>**അനുപേക്ഷണീയ മാനദണ്ഡങ്ങൾ**<br>1. ചേരി പ്രദേശങ്ങൾ കൂടുതലായി ഉള്ള നഗരങ്ങൾ<br>2. അഗതികൾ, ഭിക്ഷാടനം ചെയ്യുന്നവർ, തെരുവു കുട്ടികൾ, നിർമ്മാണ തൊഴിലാളികൾ, ലൈംഗീക തൊഴിലാളികൾ, തെരുവു കച്ചവടക്കാർ തുടങ്ങിയ അവഗണിക്കുന്നവരും രോഗസാധ്യത കൂടുതലുള്ള വിഭാഗക്കാരുടെയും ഉയർന്ന സാധ്യതയുള്ള നഗരങ്ങൾ<br>കേരളത്തിൽ 37 നഗരങ്ങളെയാണ് നാഷണൽ അർബൻ ഹെൽത്ത് മിഷനിലേക്ക് തെരഞ്ഞെടുത്തിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ